# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 786</u> <u>03.12.2014 ൽ മറുപടിക്ക്</u>

**<u>ആറ്റിങ്ങൽ മുനിസിപ്പൽ ആശുപത്രിയിലെ ട്രോമാ കെയർ സംവിധാനം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആറ്റിങ്ങൽ മുനിസിപ്പൽ ആശുപത്രിയിൽ (താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസ്) ബഹു.മന്ത്രി പ്രഖ്യാപിച്ച ട്രോമാ കെയർ എന്ന് മുതൽ പ്രവർത്തിച്ച് തുടങ്ങുമെന്ന് വ്യക്തമാക്കാമോ; | (എ) ആറ്റിങ്ങൽ മുനിസിപ്പൽ ആശുപത്രിയിൽ (താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസ്) ട്രോമാ കെയർ അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) എന്തൊക്കെ സംവിധാനങ്ങളാണ് ട്രോമാ കെയർ സ്ഥാപിക്കുന്നതോടൊപ്പം ഉണ്ടാകുന്നത്; ഇതിന്റെ ചുമതല ആർക്കാണ്; എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് വ്യക്തമാക്കാമോ; | (ബി) ജി.ഒ(എം.എസ്) നം.405/13/ആകുവ തീയതി 04/10/2013 എന്ന ഉത്തരവ് പ്രകാരം 26 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ട്രോമാ കെയർ തുടങ്ങുന്നതിനാവശ്യമായ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 35.51 ലക്ഷം രൂപ സർക്കാർ അനുവദിച്ച് ഉത്തരവാകുകയും ടി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി വിതരണം ചെയ്തു വരുന്നു. ട്രോമാ കെയറിന്റെ ചുമതല ആശുപത്രി സൂപ്രണ്ടിനായിരിക്കും. |
| (സി) മുനിസിപ്പൽ ആശുപത്രിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഒ.പി.ബ്ലോക്ക് കെട്ടിടനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ഒ.പി ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സമർപ്പിച്ച എസ്റ്റിമേറ്റ് ടി ആശുപത്രി സൂപ്രണ്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത കത്തിൽ ഒ.പി ബ്ലോക്ക് നിർമ്മിക്കുമ്പോൾ സെൻട്രലൈസ്ഡ് ഓക്സിജൻ സപ്ലൈയും, കൂട്ടിരിപ്പുകാർക്ക് വേണ്ട ടോയ്‌ലറ്റ് സൗകര്യങ്ങളുംകൂടി ലഭ്യമാക്കണമെന്ന് സൂചിപ്പിച്ചിരുന്നു. മേൽ പറഞ്ഞ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച ഡിസൈൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് തിരിച്ചയച്ചിട്ടുണ്ട്. ആയത് ഇതുവരെ തിരികെ ലഭ്യമായിട്ടില്ല. ഇതിനായി പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്) ഡിവിഷനെ സമീപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ